# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 8266

17.07.2014 ലെ മറുപടിക്ക്

### ഉത്തരവാദിത്വ വിനോദസഞ്ചാരം 'വ്യാവസായിക കാഴ്ചപ്പാട്'

**ചോദ്യം**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി.ജോർജ്ജ്
ശ്രീ. റോഷി അഗസ്റ്റിൻ

എ) ഉത്തരവാദിത്വ വിനോദസഞ്ചാരം 'വ്യാവസായിക കാഴ്ചപ്പാട്' എന്ന പേരിൽ നടത്തിയ ആദ്യ കോൺഫറൻസ് എത്രത്തോളം വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

ബി) പ്രസ്തുത കോൺഫറൻസ് വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ സേവനദാതാക്കൾക്ക് മനസ്സിലാക്കുന്നതിന് എത്രത്തോളം സഹായകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

സി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള ടൂറിസത്തിന്റെ അനന്ത സാധ്യതകൾ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) & ബി) ഉത്തരവാദിത്വ വിനോദസഞ്ചാരം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 'വ്യാവസായിക കാഴ്ചപ്പാട്' എന്ന പേരിൽ ടൂറിസം വകുപ്പോ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന നോഡൽ ഏജൻസിയായ കിറ്റ്സോ ഒരു കോൺഫറൻസ് നടത്തിയിട്ടില്ല. എന്നാൽ 2008ൽ കൊച്ചി, ലേ മെറിഡിയനിൽ വച്ച് ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ തുടർച്ചയായി 'International Conference on Responsible Tourism in Destinations' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. 2011ൽ കിറ്റ്സിന്റെ സാങ്കേതിക സഹായത്തോടെ Tourism and Livelihood എന്ന അന്താരാഷ്ട്ര ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ഈ രണ്ടു പരിപാടികളും കേരളത്തിലെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വിജയകരമായി നടപ്പാക്കുന്നതിൽ സംഘാടകർക്ക് ഉൾക്കാഴ്ച നൽകാൻ സഹായകരമായി.

സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തത്തോടെ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ